പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1607

14-07-2016 ൽ മറുപടിക്ക്

## മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.കെ. ശശി** | **ശ്രീ. ഇ.പി. ജയരാജൻ**<br>(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി) |
| (എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 1928-ൽ സ്ഥാപിതമായ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കഴിഞ്ഞ 5 വർഷ ഭരണകാലത്തെ കെട്ടുകാര്യസ്ഥതമൂലം നിലനില്പിന് ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; | (എ) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കാർഷിക മേഖലയിൽ വന്ന യന്ത്രവൽക്കരണവും ഉത്തരേന്ത്യൻ കമ്പനികളിൽ നിന്ന് വിപണിയിൽ നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത മത്സരവും മൂലം ഈ സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആവശ്യകത കുറഞ്ഞതാണ് ഈ സ്ഥാപനത്തെ പ്രതിസന്ധിയിലാക്കാനുള്ള പ്രധാനകാരണം. |
| (ബി) ഇപ്പോൾ കാർഷികമേഖലയിലെ കാർഷികോപകരണങ്ങളുടെ നിർമ്മാണം മാത്രം നടത്തുന്ന കമ്പനി അടച്ചു പൂട്ടേണ്ട അവസ്ഥയിലാണെന്നും ഉല്പന്ന വൈവിദ്ധ്യവല്ക്കരണം കൊണ്ടു മാത്രമേ കമ്പനിയെ രക്ഷിക്കാനാകൂ എന്ന കാര്യം തൊഴിലാളികൾ കഴിഞ്ഞ സർക്കാരിനെ അറിയിച്ചിട്ടും നടപടിയെടുക്കാതിരുന്നത് പരിശോധിക്കുമോ; | (ബി) യും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിൻെറ ഭാഗമായി ചെറിയ ഫോർജിംഗ് ഉൽപ്പാദിപ്പിക്കുന്നതിനായുള്ള പദ്ധതി 2013-14 ൽ അംഗീകരിച്ച് 278.47 ലക്ഷം രൂപയുടെ ധനസഹായം നൽകിയിരുന്നെങ്കിലും അതിനാവശ്യമായ ഉപകരണങ്ങളുടെ വില പ്രതീക്ഷിച്ചതിനേക്കാൾ വളരെയേറെ കൂടിയതിനാൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ആ പദ്ധതി നടപ്പിൽ വന്നില്ല. |
| (സി) കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ, കമ്പനിയുടെ സ്ഥലം, മാനവശേഷി എന്നിവ ഉപയോഗപ്പെടുത്തി,കെ.എസ്.ഇ.ബി യുടെ വിതരണ/പ്രസരണത്തി നാവശ്യം വരുന്ന ആക്സസറീസ് നിർമ്മിച്ചു നൽകുവാൻ കഴിയുന്ന വിധത്തിൽ കെ.എസ്.ഇ. ബി യുമായി സംയുക്ത കരാറിലേർപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) യും കമ്പനിയുടെ നിലവിലെ സ്ഥിതിയും ഉൽപ്പാദന സംവിധാനങ്ങളും കണക്കിലെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നകാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ